**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 517** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഡി.എ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എത്ര തവണ ഡി.എ. കുടിശിക അനുവദിച്ചിട്ടുണ്ട്; എത്ര ശതമാനം ഡി.എ.യാണ് ഇപ്രകാരം അനുവദിച്ചത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 12-03-2024-ലെ G.O.(P)No.17/2024/Fin ഉത്തരവ് പ്രകാരം 2 ശതമാനം ഡി.എ. യാണ് അനുവദിച്ചിട്ടുള്ളത്. ശമ്പള / പെൻഷൻ പരിഷ്കരണ ഉത്തരവുകളിൽ അനുവദിച്ച ക്ഷാമബത്ത / ക്ഷാമാശ്വാസം എന്നിവയുടെ സാമ്പത്തിക ആനുകൂല്യം പ്രധാനമായും നൽകിയത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമാണ്. |
| (ബി) | 2021 ജനുവരി ഒന്നു മുതൽ 2024 ജനുവരി ഒന്നു വരെ സർക്കാർ ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ.വർദ്ധനവിന് അർഹതയുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി യുടേയും നയതീരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് സർക്കാർ ജീവനക്കാർക്ക് / സർവ്വീസ് പെൻഷൻകാർക്ക് ക്ഷാമബത്ത / ക്ഷാമാശ്വാസം അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത്. 2021 ജനുവരി ഒന്ന് മുതൽ 2024 ജനുവരി ഒന്ന് വരെയുള്ള കാലയളവിൽ എത്ര ശതമാനമാണ് ക്ഷാമബത്ത എന്നത് സംബന്ധിച്ച ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | 2024 ജനുവരി മുതൽ 2% ഡി.എ. അനുവദിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയപ്പോൾ 2021 ജനുവരി മുതലുള്ള മുൻകാല പ്രാബല്യം നൽകാതിരുന്നതിന് കാരണം വ്യക്തമാക്കുമോ; | (സി) | **ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.** |
| (ഡി) | പ്രഖ്യാപിക്കാത്ത ഡി.എ. ജീവനക്കാരുടെ അവകാശമല്ല എന്ന് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പ്രഖ്യാപിക്കാത്ത ഡി.എ. ജീവനക്കാരുടെ അവകാശമല്ല എന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഡി.എ കുടിശികയ്ക്ക് മുൻകാല പ്രാബല്യം നൽകാതെ 2021 ജനുവരി മുതലുള്ള മൂന്ന വർഷക്കാലയളവിലെ 20% ഡി.എ.യും റദ്ദാക്കിയ സമീപനം തിരുത്തുവാൻ | (ഇ) | 2021 ജനുവരി മുതലുള്ള മൂന്ന വർഷക്കാലയളവിലെ ഡി.എ. റദ്ദാക്കിയ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ |

| | | | |
|---|---|---|---|
| | സർക്കാർ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ? | | വിവിധ പേയ്മെന്റുകളെ ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. എന്നിരുന്നാലും, ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും ജീവനക്കാർ, പെൻഷൻകാർ അടക്കമുള്ള വിവിധ ജനവിഭാഗങ്ങളുടെ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽ മുടക്കം വരാതിരിക്കുവാനും പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള ശ്രമകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുപോന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ